(സി) പ്രസ്തുത പദ്ധതിയിൽ ഓരോ പഞ്ചായത്തിലും വിനിയോഗിക്കുന്ന തുകയുടെ വിശദ വിവരങ്ങൾ നൽകാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ

223 (3929) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുണ്ട്; ഏത് തീയതിയിലാണ് നിയമന ശിപാർശകൾ ലഭിച്ചത്; നിയമന ഉത്തരവ് നൽകുന്നതിൽ എത്ര ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ?

31-3-2021, 31-5-2021 എന്നീ തീയതികളിലെ പി.എസ്.സി.-യുടെ നിയമന ശിപാർശകൾ യഥാക്രമം 03-5-2021, 21-6-2021 എന്നീ തീയതികളിലാണ് കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചത്. മേൽ സൂചിപ്പിച്ച രണ്ടു ശിപാർശകൾ പ്രകാരം 133 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാനുണ്ട്. ലോക്ഡൗൺ കാരണത്താലും നിയമന ശിപാർശ വൈകി ലഭിച്ചതിനാലും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ജനറൽ ട്രാൻസ്ഫർ നടപടികൾ G-SPARK വഴി ആദ്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായുണ്ടായ തിരക്കുകൾ കാരണവുമാണ് നിയമന നടപടികൾക്ക് മനഃപൂർവ്വമല്ലാത്ത കാല താമസമുണ്ടായിട്ടുള്ളത്.

(ബി) ഈ തസ്തികയിൽ എത്ര എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്; എത്ര പുതിയ ഒഴിവുകൾ നിലവിലുണ്ട്; വിവരം ലഭ്യമാക്കുമോ?

29 (എൻ.ജെ.ഡി.) ഒഴിവുകളും 12 പുതിയ ഒഴിവുകളും ചേർത്ത് ആകെ 41 ഒഴിവുകൾ നിലവിലുണ്ട്.

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമനം നൽകുക എന്നത് സർക്കാരിന്റെ പ്രഖ്യാപിതനയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമന ശിപാർശ ചെയ്തവർക്ക് യഥാസമയം നിയമനം നൽകാത്തതും ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തതും ഈ നയത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. നിയമന ശിപാർശ തീയതി 31-3-2021, 31-5-2021 എന്നിങ്ങനെയാണെങ്കിലും കെ.പി.എസ്.സി.-യിൽ നിന്നും യഥാക്രമം 3-5-2021, 21-6-2021 എന്നീ തീയതികളിലാണ് കേരള വാട്ടർ അതോറിറ്റിയിൽ ടി ശിപാർശകൾ ലഭിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ സമയബന്ധിതമായിത്തന്നെ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലോക്ഡൗൺ കാരണത്താലും നിയമന ശിപാർശ വൈകി ലഭിച്ചതിനാലും, ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ ജനറൽ ട്രാൻസ്ഫർ നടപടികൾ G-SPARK വഴി ആദ്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായുണ്ടായ തിരക്കുകൾ കാരണവുമാണ് നിയമന നടപടികൾക്ക് മനഃപൂർവ്വമല്ലാത്ത കാലതാമസമുണ്ടായിട്ടുള്ളത്.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും നിയമന ശിപാർശ ലഭിച്ചവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകുന്നതിനും കർശന നിർദ്ദേശം നൽകുമോ?

കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും സമയബന്ധിതമായി തന്നെ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമന ശിപാർശ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സഹായം

224 (3930) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

സംഘം ശാക്തീകരണ പദ്ധതിയായ 'തീരോന്നതി' പ്രകാരം ക്ലാസിഫൈ ചെയ്ത അർഹതയുള്ള സംഘങ്ങൾക്ക് സെക്രട്ടറിയുടെ വേതനം, ഓഫീസ് വാടക നൽകുന്നതിനുള്ള ധനസഹായം, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം എന്നിവ ഫിഷറീസ് വകുപ്പിൽനിന്നും നൽകിവരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനും ലേലം ശക്തിപ്പെടുത്തുന്നതിനുമായി മത്സ്യഫെഡ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരുന്നു.